(എ) അനധികൃത മദ്യവാറ്റും വില്പനയും സംസ്ഥാനത്ത് വ്യാപകമായ തോതിൽ നടക്കുന്നുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഇല്ല

(ബി) വ്യാജവാറ്റും വില്പനയും തടയുന്നതിനായി വ്യാജവാറ്റു കേന്ദ്രങ്ങളിൽ ശക്തമായ റെയ്ഡുകൾ നടത്തുകയും ചെക്ക് പോസ്റ്റുകൾ ശക്തമാക്കുകയും, പരിശോധനകളും റെയ്ഡുകളും വ്യാപകമാക്കുകയും അബ്കാരി കുറ്റകൃത്യങ്ങൾക്ക് കടുത്ത ശിക്ഷ നൽകുകയും ചെയ്തുവരുന്നു. അബ്കാരി ആക്ടിൽ ഭേദഗതി വരുത്തി, പുതിയ ഭേദഗതി പ്രകാരം അബ്കാരി കുറ്റകൃത്യങ്ങൾ ജാമ്യമില്ലാത്തവയാക്കി, കൂടാതെ അബ്കാരി കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ 10 വർഷമായി വർദ്ധിപ്പിക്കുകയും ഏറ്റവും കുറഞ്ഞ പിഴ 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു., കൂടാതെ സംസ്ഥാന, ജില്ല, ബ്ളോക്ക് തലങ്ങളിൽ ജനകീയ സമിതികൾ രൂപീകരിച്ച്, പോലീസ്, റവന്യൂ, ഫോറസ്റ്റ്, ഉദ്യോഗസ്ഥരുടെ എൻഫോഴ്സ്മെന്റ് വർക്കുകളെ സഹായിക്കുന്നുമുണ്ട്.

20 (*276) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വന്യ ജീവികളെ സംരക്ഷിക്കാൻ നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യജീവികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവസാനമായി കണക്കാക്കിയിട്ടുള്ളത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെയിനം മൃഗങ്ങളാണ് അസാധാരണമായി കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ കാരണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ വന്യജീവികളാണ് വംശനാശഭീഷണി നേരിടുന്നത്?

(ഇ) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് അടിയന്തിരമായി നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിത ദാസൻ നാടാർ) :

(എ) ഉണ്ട്. 1997-ലാണ് സംസ്ഥാനത്ത് അവസാനമായി വന്യജീവികളുടെ സെൻസസ് നടത്തിയത്.

(ബി) വന്യജീവികൾ അസാധാരണമായി കുറയുന്നതായി വന്യജീവി സെൻസസ് പ്രകാരം കണ്ടെത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വന്യജീവി സംരക്ഷണ നിയമം പട്ടിക 1-ലും രണ്ടാം പട്ടിക യുടെ രണ്ടാം ഭാഗമായും ഉൾപ്പെടുത്തിയിട്ടുള്ള ഫിഷിംഗ് ക്യാറ്റ്, കാട്ടുപോ ത്ത്, മലയണ്ണാൻ, ആന, പുള്ളിപ്പുലി, ലെപേഡ് ക്യാറ്റ്, സിംഹവാലൻ കുരങ്ങ്, കുട്ടിതേവാങ്ക, മലവെരുക്, കൂരൻ, വരയാട്. ഈനാംപേച്ചി, ചെങ്കരടി, പാറാൻ, കടുവ, ചെന്നായ, കാട്ടുപൂച്ച, നീർനായ എന്നിവയാണ് വംശനാശഭീഷണി നേരിടുന്ന വന്യജീവികൾ.

(ഇ) വന്യജീവികളുടെ വംശനാശ ഭീഷണി നേരിടുന്നതിന് താഴെപ്പ റയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

1. വന്യജീവി സംരക്ഷിത മേഖലകളിലും മറ്റ് വനഭാഗങ്ങളിലും ഊർജ്ജിതമായ ഫീൽഡ് പട്രോളിംഗിലൂടെയും വയർലെസ് തുടങ്ങിയ നൂതന വാർത്താവിനിമയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിയും നായാട്ട് നിയന്ത്ര ണാധീനമാക്കിയിട്ടുണ്ട്. ആന, കാട്ടുപോത്ത്, കാട്ടുപന്നി, മ്ളാവ് എന്നീ വന്യ ജീവികളെ വേട്ടയാടിയതായ ഒറ്റപ്പെട്ട കേസുകളിൽ ഊർജ്ജിതമായ അന്വേ ഷണം നടത്തി നടപടികൾ എടുത്തുവരുന്നു.

2. വന്യജീവി സംരക്ഷണത്തിന്റെ ഭാഗമായി വന്യജീവികളുടെ ആവാസവ്യവസ്ഥ പരിപോഷിപ്പിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരി ച്ചുവരുന്നു. വന്യജീവികൾക്കുള്ള തീറ്റച്ചെടികൾ വച്ചുപിടിപ്പിക്കുക, അവയ്ക്ക് ആവശ്യം വേണ്ട കുടിവെള്ളവും മറ്റും ലഭ്യമാക്കുക, വേനൽക്കാലത്ത് അവ യുടെ ആവാസ വ്യവസ്ഥയെ കാട്ടുതീയിൽ നിന്നു സംരക്ഷിക്കുക, കണ്ണിയറ്റു പോയ ആവാസ വ്യവസ്ഥകളെ 'കോറിഡോറുകൾ' സൃഷ്ടിച്ച് വന്യജീവിക ളുടെ സുഗമസഞ്ചാരം ഉറപ്പ് വരുത്തുക, വന്യജീവി സംരക്ഷണ സംബന്ധ മായ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തുക, പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ ആവശ്യമായ പഠന വിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ നടത്തുക എന്നീ പ്രവർത്തനങ്ങൾക്കും ലക്ഷ്യമിട്ടിട്ടുണ്ട്.

3. സംസ്ഥാനത്ത് ഇന്ന് പ്രകൃതിസംരക്ഷണത്തിന് കൈവന്നി ട്ടുള്ള അവബോധവും പരിസ്ഥിതി സംരക്ഷണത്തിലും വന്യജീവി സംരക്ഷണ ത്തിലും നേടിയിട്ടുള്ള പരിജ്ഞാനവും സന്നദ്ധ സംഘടനകളുടെയും പരി സ്ഥിതി പ്രവർത്തകരുടെയും മാധ്യമ പ്രവർത്തകരുടെയും കൂട്ടായ്മയിലൂടെ വന്യജീവി സംരക്ഷണം ഊർജ്ജിതമാക്കി വംശനാശ ഭീഷണി തടയാനാവു മെന്ന് പ്രതീക്ഷിക്കുന്നു.

21 (*277) വനസംരക്ഷണം

ശ്രീ. രാജു എബ്രഹാം :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗ തവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനസമ്പത്തിന്റെയും വനങ്ങളുടെയും സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാ ക്കുമോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly